തുടങ്ങിയ കളകളും ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ ഖരമാലിന്യവും ചെളിയും മറ്റും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാറ്റുന്ന പ്രവൃത്തികൾ നടന്നുവരുന്നു. സ്റ്റേറ്റ് ഫണ്ട്, നബാർഡ് സാമ്പത്തിക സഹായം എന്നിവയിൽ ഉൾപ്പെടുത്തിയാണ് പ്രധാനമായും ഇവ നടത്തിവരുന്നത്. നദികളിലെ നീരൊഴുക്ക് നിലനിർത്താൻ സഹായിക്കുന്ന തടയണകൾ നിർമ്മിക്കാൻ അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലാശയങ്ങളിൽ ഉപ്പുവെള്ളം കയറുന്നതു തടയുന്നതിന് റെഗുലേറ്ററുകളുടെ നിർമ്മാണം ഏറ്റെടുക്കാറുമുണ്ട്.

(ബി) ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകാം. ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. മലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ അവ നടത്തുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും ചുമതലപ്പെടുത്താറുണ്ട്.

(സി) പ്രസ്തുത കനാൽ മാലിന്യമുക്തമാക്കുന്നതിനായി കനാലിൽ അടിഞ്ഞുകൂടിയ ചെളിയും പായലും നീക്കം ചെയ്യുന്ന പ്രവൃത്തികളും അവയുടെ തീരസംരക്ഷണ പ്രവൃത്തികളുമാണ് പ്രധാനമായും ചെയ്തുവരുന്നത്. അതുമൂലം ഒരു പരിധിവരെ കനാൽ മാലിന്യമുക്തമാക്കുവാൻ കഴിയുന്നു. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം ഇറക്കിവിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താറുണ്ട്.

വെള്ളക്കരം വർദ്ധനവ്

220 (928) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളക്കരം വർദ്ധനവിലൂടെ സർക്കാർ പ്രതിമാസം എത്ര അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത് ; വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശികയിനത്തിൽ എത്ര തുക ലഭിക്കാനുണ്ട് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പ്രതിമാസം ഏകദേശം 14.67 കോടി രൂപയാണ് കടിവെള്ള ചാർജ്ജ് വർദ്ധനവിലൂടെ പ്രതീക്ഷിക്കുന്നത്. 31-3-2014-ൽ പിഴയും പിഴപ്പലിശയും സർചാർജ്ജും ചേർത്ത് വെള്ളക്കര കുടിശ്ശികയിനത്തിൽ 613.78 കോടി രൂപ ലഭിക്കാനുണ്ട്.

കപ്പിവെള്ള ഫാക്ടറി

221 (929) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ കപ്പിവെള്ള വിതരണത്തിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് കപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുന്നത് ;

(സി) നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായി ;

(ഡി) ഫാക്ടറി എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അരുവിക്കര ജലശുദ്ധീകരണശാലയുടെ പരിസരത്താണ് കപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) കപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

(ഡി) ടെണ്ടർ അനുമതി ലഭ്യമായാൽ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആറ്റിങ്ങൽ മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതി

222 (930) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കരവാരം, നഗരൂർ, പുളിമാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിന് KWA പ്രോജക്ട് വിഭാഗം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; പ്രസ്തുത പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാവിധ സഹായവും വാഗ്ദാനം നൽകിയിട്ടുണ്ട് ഈ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; എത്ര ഭാഗങ്ങളിൽ സ്ഥലം എടുത്തെന്നതും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly